കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - സംസ്ഥാന ഗവ. കരാറുകാർക്ക് 5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുമരാമത്ത് (എച്ച്) വകുപ്പ്

സ.ഉ. (ആർ.റ്റി) നം:828/2010/പൊ.മ.വ. തിരുവനന്തപുരം, തീയതി: 21-5-2010

---

പരാമർശം:- 1) കേരള ഗവ. കോൺട്രാക്ടേഴ്സ് ഫെഡറേഷൻ ബഹു: ധനമന്ത്രിക്ക് സമർപ്പിച്ച 3.12.07-ലെ നിവേദനം.

2) 10.11.08, 4.1.10 എന്നീ തീയതികളിലെ ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ സി.ഇ./ഭരണം/പി.എൽ.എ./1530/08 എന്ന നമ്പർ കത്ത്.

3) 10.6.09-ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡി.ബി1./4038/09/സി.ഇ./ത.സ്വ.ഭ.വ. എന്ന നമ്പർ കത്ത്.

## ഉത്തരവ്

കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ പരാമർശം 1 പ്രകാരം സമർപ്പിച്ച നിവേദനത്തിൽ, പൊതുമരാമത്ത് പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ, കരാറുകാർ സർക്കാരിലേക്ക് ഒടുക്കേണ്ടതായ നികുതികളും തിരുവകളും കൂടി അതിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നു. നിലവിലുള്ള നിയമപ്രകാരം കരാറുകാരുടെ ബില്ലിൽനിന്ന് ആദായനികുതി, വില്പന നികുതി, സേവന നികുതി, ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിവരുന്നു. എന്നാൽ നേരത്തേ പൊതുമരാമത്ത് പണികൾക്ക് 10% ലാഭവിഹിതം നിശ്ചയിച്ച സന്ദർഭത്തിൽ കരാറുകാരുടെ ബില്ലിൽ നിന്നും ആദായനികുതി മാത്രമേ ഈടാക്കി വന്നിരുന്നുള്ളുവെന്നും ആയതിനാൽ കരാറുകാരുടെ ആവശ്യം പരിഗണനാർഹമാണെന്നും പരാമർശം 2 പ്രകാരം ഭരണവിഭാഗം ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്യുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കരാറുകാർ ഒടുക്കേണ്ടതായ നികുതികൾ, തിരുവകൾ എന്നിവ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ

ഉൾപ്പെടുത്തുന്നത് ആശാസ്യമല്ല. എന്നാൽ കരാറുകാരുടെ ആവശ്യം പരിഗണിച്ച് പൊതുമരാമത്ത് പ്രവൃത്തികൾക്ക് 5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ടോം ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും ഭരണവും, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ദേശീയപാത, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, കെട്ടിടവിഭാഗം, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ്.
ധനകാര്യ വകുപ്പ് (യു.ഒ. നം.8889/ഇൻ & പി.ഡബ്ല്യു.ബി1/10/ധന പ്രകാരം)
പൊതുമരാമത്ത് വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ